പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 831

14.01.2021-ൽ മറുപടിയ്ക്ക്

## എടച്ചെന കുങ്കൻ സാംസ്കാരിക നിലയത്തിന്റെ നിലവിലെ അവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന പ്രഖ്യാപിച്ചതും നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാനുള്ളതുമായ പദ്ധതികൾ വിശദമാക്കാമോ;<br><br>ബി) ബജറ്റിൽ പ്രഖ്യാപിച്ച കൽപ്പറ്റ മണ്ഡലത്തിലെ എടച്ചെന കുങ്കൻ സാംസ്കാരിക നിലയത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ? | എ) & ബി) ഈ സർക്കാരിന്റെ കാലത്തെ വിവിധ ബഡ്ജറ്റുകളിൽ ഒന്നിലും വയനാട് ജില്ലയിൽപ്പെട്ട കൽപ്പറ്റ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പദ്ധതികളൊന്നും തന്നെ പ്രത്യേകമായി പ്രഖ്യാപ്പിച്ചിട്ടില്ല. എന്നാൽ നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപ്പിച്ചിരുന്നതിൻ പ്രകാരം, വയനാട് ജില്ലയിൽ എടച്ചെന കുങ്കൻ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ